പുരോഗമിച്ചുവരുന്നു. ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ആദ്യഘട്ടമെന്ന നിലയിൽ നടപ്പിലാക്കിവരുന്ന 123.53 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ. പദ്ധതികളിൽ റെയ്ഡ്കോവഴി നടപ്പിലാക്കുന്ന യന്ത്രവൽക്കരണം പുരോഗതിയിലാണ്. ആദ്യഘട്ടമെന്ന നിലയിൽ 14 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ആധുനിക പമ്പിംഗ് സിസ്റ്റം സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. കൊയ്ത്തുമെതിയന്ത്രങ്ങളടക്കം പാടശേഖര സമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ അനുവദിച്ച 65 ലക്ഷം രൂപയിൽ 63 ലക്ഷം രൂപയും ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പുവഴി 819 പശു കിടാരികളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. മാത്രമല്ല 74854 താറാവു കുഞ്ഞുങ്ങളുടെ വിതരണവും നടത്തിയിട്ടുണ്ട്. അഡാക്കുവഴി നടപ്പിലാക്കിവരുന്ന മൽസ്യകൃഷിക്കായി 99 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. വി.എഫ്.പി.സി.കെ. വഴി നടപ്പിലാക്കുന്ന പച്ചക്കറി വ്യാപനം പദ്ധതിയുടെ ഒന്നാഘട്ടമെന്ന നിലയിൽ 168 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കിയിട്ടുണ്ട്. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന കോഴിവളർത്തൽ പദ്ധതിക്കായി ഇതുവരെ 2 കോടി 52 ലക്ഷം രൂപ ചെലവഴിച്ചു. ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ. സ്കീമുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ കർഷകർക്ക് ഏറ്റവും പ്രയോജനകരമായ രീതിയിൽ വിവിധ സർക്കാർ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതി സ്പെഷ്യൽ ഓഫീസർ കൂടിയായ തൃശ്ശൂർ കളക്ടർ എല്ലാ മാസവും യോഗം കൂടി വിലയിരുത്തുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 23-7-2015-ന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും സമഗ്ര കോൾ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. 2015 ആഗസ്റ്റ് മാസം 15-നകം കോൾ വികസന സമിതിയുടെ സമ്പൂർണ്ണയോഗം വിളിച്ചുചേർക്കുന്നതാണ്.

**11.00 AM]**

## 4. കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം

ഡോ. എൻ. ജയരാജ് : സർ, കാഞ്ഞിരപ്പള്ളി ബൈപ്പാസിന് 2008-ലാണ് G.O(Rt)1998/2008 നമ്പരായി ഭരണാനുമതി നൽകിയത്. എന്നാൽ ഏതാനും വ്യക്തികൾ നൽകിയ ഒരു റിട്ട് പെറ്റിഷൻ കാരണം പണി തുടങ്ങുന്നതിനുള്ള നടപടികൾ വൈകുകയുണ്ടായി. 1-12-2012-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജ്മെന്റ് പ്രകാരം ബന്ധപ്പെട്ടവരെ പി.ഡബ്ല്യു.ഡി. സെക്രട്ടറി ഹിയർ ചെയ്യുകയും അതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ലാന്റ് അക്വിസിഷൻ നടപടികളുമായി മുന്നോട്ടുപോകുകയുമാണ് ചെയ്തത്. 2014-ൽ ജില്ലാ ലാന്റ് പർച്ചേസിംഗ് കമ്മിറ്റിയിലെ മൂന്നുപേർ ഇതുമായി ബന്ധപ്പെട്ട് ഓഫർ മുമ്പോട്ടുവച്ചെങ്കിലും അതിനുശേഷം യാതൊരു നടപടിയും ആയിട്ടില്ല. ഏതാണ്ട് 3.98 ഹെക്ടർ സ്ഥലമുൾപ്പെടുന്ന ഈ ബൈപ്പാസ് കാഞ്ഞിരപ്പള്ളിയുടെ മാത്രം ആവശ്യമല്ല. കിഴക്കൻ മേഖലകളിലേയ്ക്കുപോകുന്ന വാഹനങ്ങൾ പലപ്പോഴും ഏതാണ്ട് ഒന്നരമണിക്കൂറോളമാണ് കാഞ്ഞിരപ്പള്ളി ടൗണിലെ ഗതാഗതക്കുരുക്കിൽപ്പെട്ടു പോകുന്നത്. കിഴക്കിന്റെ കവാടമായ കാഞ്ഞിരപ്പള്ളി ബൈപ്പാസ്, ആ പ്രദേശത്തിനപ്പുറത്ത് ഒരു മേഖലയുടെതന്നെ മൊത്തം വികസനവുമായി ബന്ധപ്പെട്ട വളരെപ്രധാനപ്പെട്ട ഒരു കാര്യമാണ്. കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണം. ഇതുസംബന്ധിച്ച് The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act പ്രകാരം ഈ ഭൂമി ഏറ്റെടുക്കണമെന്ന നിർദ്ദേശം മുന്നോട്ടു വച്ചെങ്കിൽപ്പോലും ഇതുമായി ബന്ധപ്പെട്ട് റൂൾസ് തയ്യാറാക്കിയിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റൂൾസ് വരാൻ കാത്തിരിക്കാതെ വളരെ പ്രാധാന്യമുള്ള പ്രവൃത്തിയെന്ന നിലയിൽ ചില പ്രവൃത്തികൾക്ക് പി.ഡബ്ല്യു.ഡി. ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നെഗോഷ്യബിൾ പർച്ചേസിനുവേണ്ടിയുള്ള നടപടികളും അതോടൊപ്പമുള്ള ഉത്തരവുകളും നൽകാറുണ്ടെന്ന് മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ കളക്ടർ കാഞ്ഞിരപ്പള്ളി ബൈപ്പാസിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നെഗോഷ്യേറ്റഡ് പർച്ചേസ് രീതിയിൽ ഭൂമി ഏറ്റെടുത്ത് ഇതിന്റെ എസ്റ്റിമേറ്റും പ്ലാനുമെല്ലാം തയ്യാറാക്കിയിട്ടുള്ളതാണ്. അതിനുള്ള നടപടികളുമായി വളരെ ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നതിനുള്ള നിർദ്ദേശവും ഉത്തരവും നൽകണം. അതോടൊപ്പം 2008-ലെ രണ്ടുവർഷത്തെ കാലാവധിയുള്ള എ.എസ്. ഇപ്പോൾ ആറുവർഷമായതിനാൽ ഓട്ടോമാറ്റിക്കായി നഷ്ടപ്പെട്ടതുകൊണ്ട് അതിന്റെ എ.എസ്. പുതുക്കുന്നതിനുള്ള നിർദ്ദേശവും പി.ഡബ്ല്യു.ഡി.-ക്ക് നൽകണം. കാഞ്ഞിരപ്പള്ളിയുടെ വളരെ പ്രധാനപ്പെട്ട ഈ വികസനപ്രവർത്തനത്തിൽ വളരെആത്മാർത്ഥമായ സമീപനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>) : സർ, കാഞ്ഞിരപ്പള്ളി ടൗൺ ബൈപ്പാസിന്റെ പ്രവർത്തനങ്ങൾ 2008 മുതൽ മുന്നോട്ടു പോകുകയാണ്. ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ അതിനിടയ്ക്ക് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരാൾ ബഹുമാനപ്പെട്ട കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കേസ്സിന് പോകുകയും കോടതി പി.ഡബ്ല്യു.ഡി.-യോട് അദ്ദേഹത്തിന്റെ വാദം കേൾക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹിയറിംഗ് നടത്തുകയും അദ്ദേഹത്തിന്റെ വാദം തള്ളിക്കളഞ്ഞുകൊണ്ട് അലൈൻമെന്റിൽ മാറ്റംവരുത്താതെതന്നെ മുന്നോട്ടു പോകാൻ തീരുമാനിച്ചിരിക്കുകയുമാണ്. പക്ഷേ ഭൂമി ഏറ്റെടുക്കുന്നതിന് ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ ഇന്ന് റൂൾസില്ല റൂൾസ് ഫ്രെയിം ചെയ്യാത്തതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് ഇങ്ങനെയുള്ള അവസരങ്ങളിൽ സ്ഥലമേറ്റെടുക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് നടത്തുന്നതിനുള്ള നിർദ്ദേശം ജില്ലാകളക്ടർമാർക്ക് കൊടുത്തിട്ടുണ്ട്, ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ട്, അതിനുള്ള ജി.ഒ.-യും ഇറക്കിയിട്ടുണ്ട്. അക്കാര്യങ്ങളൊക്കെ കളക്ടർമാർക്ക് അറിയാം. ബഹുമാനപ്പെട്ട അംഗം കളക്ടറുമായി ബന്ധപ്പെട്ട് ഈ കാര്യത്തിൽ സത്വരനടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ കോട്ടയം ജില്ലാകളക്ടർക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കുന്നതാണ്.

## 5. തലശ്ശേരി ജനറൽ ആശുപത്രിയുടെ നവീകരണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഉത്തര കേരളത്തിലെ ഏറ്റവും വലിയ ആശുപത്രികളിൽ ഒന്നാണ് തലശ്ശേരിയിലെ ജനറൽ ആശുപത്രി. അവിടെ ആധുനിക രീതിയിലുള്ള ചികിൽസാ സംവിധാനമില്ലാത്തതാണ് ഇപ്പോഴത്തെ പ്രശ്നം. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞത് കാരുണ്യ ചികിൽസാ പദ്ധതിയുടെ ഭാഗമായി ഡയാലിസിസ് യൂണിറ്റ് നടപ്പാക്കുമെന്നാണ്, അത് ഇനിയും നടപ്പാക്കിയിട്ടില്ല. ഇവിടെ സർജറി, ഇ.എൻ.റ്റി., ഒഫ്താൽമോളജി, ഗൈനക്കോളജി, ചെസ്റ്റ് ഡിസീസ്, ഓർത്തോ എന്നീ വിഭാഗങ്ങളിലായി 13 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. പതിമൂന്ന് ഡോക്ടർമാരില്ലാതെ ഈ ജനറൽ ആശുപത്രി എങ്ങനെ പ്രവർത്തിപ്പിക്കാൻ സാധിക്കും ? പതിനാറ് സ്റ്റാഫ് നഴ്സ് ഗ്രേഡ് -I ന്റെയും പന്ത്രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ് -II-ന്റെയും ഒഴിവുകളുണ്ട്. ഇത്രയും ഒഴിവുകളുള്ള ആശുപത്രിയിൽനിന്നും നിലവിലുള്ള ആറ് സ്റ്റാഫ് നഴ്സുമാരെ വർക്കിംഗ് അറേഞ്ചുമെന്റിൽ വിവിധ പബ്ലിക് ഹെൽത്ത് സെന്ററുകളിലേയ്ക്ക് മാറ്റുകയും രണ്ടുപേരെ ട്യൂട്ടർമാരായി മാറ്റുകയും ചെയ്തു. നിലവിൽ ആവശ്യത്തിനുള്ള സ്റ്റാഫ് നഴ്സില്ലാത്ത സ്ഥലത്തുനിന്ന് ഉള്ളവരെ മാറ്റിയതിനാൽ ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ആഫീസിൽനിന്നോ ഡയറക്ടറുടെ ആഫീസിൽനിന്നോ ചെയ്യുന്നതല്ല. അവിടത്തെ ഡി.എം.ഒ-യുടെ ആഫീസ് കേന്ദ്രീകരിച്ചുകൊണ്ടാണ് ഇതൊക്കെ ചെയ്യുന്നത്. സ്റ്റാഫുകളില്ലാതെ ആ ആശുപത്രി എങ്ങനെ പ്രവർത്തിക്കുമെന്നു പോലും നോക്കാതെ, വർക്കിംഗ് അറേഞ്ചുമെന്റിന്റെ പേരിൽ സ്ഥലം മാറ്റുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly